(എ) ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യുന്ന കുരുമുളകിന്റെ ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സൗകര്യമുപയോഗിച്ച് ശ്രീലങ്കൻ കുരുമുളകെന്ന മറയുപ യോഗിച്ച് വിയറ്റ്നാം കുരുമുളക് ഇറക്കുമതി ചെയ്യാതിരിക്കാൻ എന്തെല്ലാം മുൻകരുത ലെടുക്കണമെന്ന് കേന്ദ്രത്തോടാവാശ്യപ്പെട്ടു എന്ന് വെളിപ്പെടുത്താമോ;

(സി) ശ്രീലങ്കൻ കുരുമുളകിന്റെ ഇറക്കുമതിക്ക് ഡ്യൂട്ടി ഒഴിവാക്കിയതിനെ തുടർന്ന് ഇതുവരെ എത്ര ടൺ ശ്രീലങ്കൻ കുരുമുളക് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു എന്ന വിവരം ശേഖരിച്ചിട്ടുണ്ടോ? *

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) തീരുവരഹിത ഇറക്കുമതിക്കുള്ള സൗകര്യം ദുരുപയോഗം ചെയ്ത് വിയറ്റ്നാം കുരുമുളക് ഇറക്കുമതി ചെയ്യാതിരിക്കാൻ ഇറക്കുമതി ചെയ്യുന്ന ഉല്പന്നത്തിന്റെ 'സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ' നൽകുന്നതിലും അത് സ്ഥാപിച്ചുകാണിക്കുന്നതിനും വേണ്ടുന്ന നിബന്ധനകൾ പാലിക്കുന്നതിന് ഒരു സുരക്ഷാ സംവിധാനവും അത് അവലോകനം ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണമെന്ന് കേന്ദ്രസർക്കാ രിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ശ്രീലങ്കയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ 2000 മാർച്ച് 1-ന് നിലവിൽ വന്നതിനുശേഷം ഇറക്കുമതി ചെയ്ത കുരുമുളകിന്റെ അളവ് ഇപ്രകാരമാണ്.

1999-2000	..	1160 ടൺ
2000-2001	..	1749 „
2001-2002	..	1241 „
2002-2003	..	6204 „

(ഏപ്രിൽ മുതൽ ഫെബ്രുവരി വരെ)

2000 മാർച്ച് ഒന്നുമുതൽ ഏർപ്പെട്ട കരാർ പ്രകാരം അനുവദിച്ചിരുന്ന 90% ഇളവ് 2003 മാർച്ച് 18 മുതൽ 100% ആക്കിയതായി അറിയുന്നു.

കാർഷിക ഉല്പന്നങ്ങളുടെ പേറ്റന്റ് നേടി എടുക്കുന്നതിന് സ്വീകരിച്ച നടപടികൾ

*16 [804] ശ്രീ. പി. കെ. അബ്ദുറബ്ബ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ സി. മമ്മൂട്ടി:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളുടെ പേറ്റന്റ് നേടി എടുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

കാർഷികോല്പന്നങ്ങളായ മലബാർ ഗാർബിൾഡ് പെപ്പർ (എം.ജി1) ആലപ്പി ഗ്രീൻ കാർഡമം, കൊച്ചിൻ ജിൻജർ എന്നിവയ്ക്ക് പേറ്റന്റ് ലഭിക്കുവാൻ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻസ് കാണിച്ച് ഇന്ത്യൻ രജിസ്ട്രേഷൻ അതോറിറ്റിക്കും സ്പൈസസ് ബോർഡിനും വിവരങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്. ഇതിൽ മലബാർ ഗാർബിൾഡ് പെപ്പറിന് കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലർ കൺവീനറായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

നീർത്തട പദ്ധതികൾ

*17 [805] ശ്രീ. ജോർജ്ജ് ജെ. മാത്യു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
„ അടൂർ പ്രകാശ്:
„ എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര നീർത്തട പദ്ധതികളുണ്ട്;

(ബി) കേരളത്തിന് തനതായ മാതൃകാ നീർത്തട പദ്ധതി ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് പറയുമോ;

(ഡി) ഒരു മാതൃകാ നീർത്തട പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ സ്വീകരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാന പദ്ധതിയിൻകീഴിൽ 61 നീർത്തട പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ 36 നീർത്തട വികസന പദ്ധതികളുമുണ്ട്.

(ബി, സി) ഇല്ല. 9-ാം പഞ്ചവത്സര പദ്ധതിയിൽ ദേശീയ നീർമറി വികസന പദ്ധതിയിൽ, കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി കേരളത്തെ.5 കാർഷിക മേഖലകളായി തിരിച്ച് ഓരോ മാതൃകാ വാട്ടർഷെഡ്ഡ് വീതം തെരഞ്ഞെടുത്തിരുന്നു. എന്നാൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖകൾക്കുള്ളിൽനിന്നുകൊണ്ട് നടപ്പാക്കിയ പദ്ധതിയായതിനാൽ കേരളത്തിന്റെ തനതായ മാതൃകാ പദ്ധതി എന്നവകാശപ്പെടുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly